13-ാം കേരള നിയമസഭ

12-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 522

02.12.2014 ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര സർക്കാർ ജീവനക്കാരാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്; ഇവരിൽ നിന്നും ഇതുവരെ എത്ര രൂപ പെൻഷൻ ഫണ്ടിലേക്കുള്ള വിഹിതമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സംസ്ഥാനത്ത് 22/11/2014 വരെ 13,562 ജീവനക്കാരാണ് ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് പെർമെനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (PRAN) കരസ്ഥമാക്കിയിട്ടുള്ളത്. 31/10/2014 വരെ ജീവനക്കാരുടെ വിഹിതമായി 7.395 കോടി രൂപ പെൻഷൻ ഫണ്ടിലേയ്ക്കായി ലഭിച്ചിട്ടുണ്ട്. |
| (ബി) | പെൻഷൻ ഫണ്ടിലേക്ക് സർക്കാർ വിഹിതമായി ഇതുവരെ എന്ത് തുകയാണ് നൽകിയിട്ടുള്ളത്. ഈ തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്; | പെൻഷൻ ഫണ്ടിലേക്ക്, 31/10/2014 വരെ സർക്കാർ വിഹിതമായി ആകെ 7.395 കോടി രൂപ നൽകിയിട്ടുണ്ട്. 06.02.2014 ലെ സർക്കുലർ നം. 07/2014/ധന ഖണ്ഡിക VI അനുസരിച്ച് പി.എഫ്.ആർ.ഡി.എ ആണ് ആക്സിസ് ബാങ്കിനെ ട്രസ്റ്റി ബാങ്കായി നിയമിച്ചിട്ടുള്ളത്. ട്രസ്റ്റി ബാങ്ക് മുഖേനയാണ് പെൻഷൻ തുക മേൽ സർക്കുലർ ഖണ്ഡിക V ൽ വിവരിക്കുന്ന പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫണ്ടുകളിൽ/സെക്യൂരിറ്റികളിൽ നിലവിൽ നിക്ഷേപിച്ചിട്ടുള്ളത്. |
| (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥരിൽ നിന്ന് പങ്കാളിത്ത പെൻഷൻ | ട്രഷറി വകുപ്പിൽ നിന്ന് ലഭ്യമായ കണക്കുകൾ അനുസരിച്ച് ദേശീയ പെൻഷൻ പദ്ധതി ബാധകമായിട്ടുള്ള സംസ്ഥാന കേഡറിലെ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർ 2013-14 |

| | | |
|---|---|---|
| | വിഹിതമായി എന്ത് തുക ലഭിച്ചിട്ടുണ്ട്; ഈ ഫണ്ടിലേക്ക് സർക്കാർ വിഹിതമായി എന്ത് തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ? | സാമ്പത്തിക വർഷം വരെ പെൻഷൻ വിഹിതമായി 16,75,853/- രൂപയും സർക്കാർ 46,026/- രൂപ സർക്കാർ വിഹിതമായും ഒടുക്കിയിട്ടുണ്ട്. ജീവനക്കാർ അടച്ച വിഹിതത്തിന് തുല്യമായ സർക്കാർ വിഹിതം അടയ്ക്കുവാനുള്ള നടപടിക്രമം രൂപീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**